**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

04.12.2019

# പത്രക്കുറിപ്പ്

## മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപനം നാളെ (06.12.2019)

ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ ഹരിത അവാർഡിന്റെ പ്രഖ്യാപനം നാളെ (06.12.2019 വെള്ളി) തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.എ.സി.മൊയ്തീൻ നിർവഹിക്കും. ഉച്ചയ്ക്ക് 12.15 തൈക്കാട് ഗസ്റ്റ് ഹൗസിൽ നടക്കുന്ന പത്ര സമ്മേള നത്തിലാണ് പുരസ്കാരങ്ങൾ പ്രഖ്യാപിക്കുന്നത്. ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന 'ശുചിത്വ സംഗമം' സമ്മേളനത്തിൽ പുരസ്കാരത്തുകയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ് വിതരണം ചെയ്യും. ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് പുരസ്കാരം. മികച്ച ഗ്രാമപ ഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് പുരസ്കാരങ്ങൾ ഏർപ്പെടു ത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവാർഡ് നൽകും. ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും സംസ്ഥാനതലത്തിലാണ് അവാർഡുകൾ ഏർപ്പെടു ത്തിയിട്ടുള്ളത്. സംസ്ഥാനതലത്തിൽ മികച്ച ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കാണ് പുരസ്കാരങ്ങൾ നൽകുക. ജില്ലാതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിനാണ് പുരസ്കാരം. തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിൽ 2018-19 വർഷത്തിൽ നടത്തിയ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളാണ് വിലയിരുത്തിയത്.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

റ്റി.സി 2/3271(3)(4), 'ഹരിതം', കൂട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in